


# കർഷകർക്ക് തുണയാകും ട്രൈക്കോ കാർഡ് ഉത്പാദന യൂണിറ്റ് ; സംയോജനങ്ങളിലൂടെ നൂതന ആശയം നടപ്പിലാക്കി പാലക്കാട്

കുടുംബശ്രീയുടെ ഉപജീവന പദ്ധതിയുടെ ഒരു പ്രത്യേകതയാണ് വൈവിധ്യമാർന്ന സംരംഭങ്ങൾ. പുതിയ ആശയങ്ങൾ സംരംഭ മാതൃകയിൽ ആവിഷ്ക്കരിക്കാനും കാലത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ള സംരംഭങ്ങൾക്ക് തുടക്കം കുറിക്കുന്നതിനും കുടുംബശ്രീ എപ്പോഴും പ്രോത്സാഹനം നൽകിവരാറുണ്ട്. പാലക്കാട് ജില്ലയിൽ ആലത്തൂർ ഗ്രാമപഞ്ചായത്തിന്റെ കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുടക്കമിട്ട ഒരു പുതിയ സംരംഭ മാതൃകയെ ഇന്ന് പരിചയപ്പെടുത്തട്ടെ.

ജൈവീക കീടനിയന്ത്രണത്തിനായുള്ള ട്രൈക്കോ കാർഡ് ഉത്പാദന യൂണിറ്റാണ് പഞ്ചായത്തിലെ കാർഷിക വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ സംഘം വഴി നടപ്പിലാക്കുന്നത്. നെല്ലിലെ തണ്ടുതുരപ്പൻപ്പുഴു, ഓലചുരുട്ടിപ്പുഴു എന്നിവയുടെ മുട്ടകളെ നശിപ്പിക്കുന്ന വേട്ടാളൻ വിഭാഗത്തിൽപ്പെട്ട ട്രൈക്കോ ഗ്രാമ്മ കടന്നലുകളുടെ മുട്ടകളാണ് ഈ ട്രൈക്കോ കാർഡിൽ ഉള്ളത്. തികച്ചും നൂതനമായ ഈ സാങ്കേതികവിദ്യ കുടുംബശ്രീ ഗ്രൂപ്പ് സ്വായത്തമാക്കിയത് കേരള കാർഷിക സർവ്വകലാശാലയുടെ ജൈവീക കീടാരോഗ നിയന്ത്രണ വിഭാഗത്തിന്റെ പ്രത്യേക പരിശീലനത്തിൽ നിന്നാണ്.

ഇപ്രകാരം ട്രൈക്കോ കാർഡ് ഉത്പാദിപ്പിക്കുന്ന സംസ്ഥാനത്തെ ആദ്യത്തെ കുടുംബശ്രീ സംരംഭമായി പാലക്കാട് ജില്ലയിലെ ആലത്തൂർ വാനൂരിലെ സാന്ത്വനം കുടുംബശ്രീ യൂണിറ്റ് മാറിയിരിക്കുകയാണ്. ആലത്തൂർ പഞ്ചായത്തിലെ നെൽകൃഷിയെ ബാധിക്കുന്ന കീടങ്ങളെ നശിപ്പിക്കുന്നതിനായി ഈ ട്രൈക്കോ കാർഡുകൾ പഞ്ചായത്തിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി 50% സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുന്നതാണ്.

ഇത്തരം നൂതന ആശയം പഞ്ചായത്തുമായി ചേർന്ന് ആവിഷ്ക്കരിച്ച കുടുംബശ്രീ പാലക്കാട് ജില്ലാ ടീമിന് അഭിനന്ദനങ്ങൾ. ആലത്തൂർ പഞ്ചായത്ത്, ആലത്തൂർ കൃഷിഭവൻ, കേരള കാർഷിക സർവ്വകലാശാല ജൈവിക കീടരോഗ നിയന്ത്രണ വിഭാഗം, പാലക്കാട് ജില്ലാ ടീം എന്നിവയുടെ സംയുക്ത സഹകരണത്തോടെ പ്രവർത്തിക്കുന്ന ഈ യൂണിറ്റ്, കാർഷിക മേഖലയിൽ ഇത്തരം നവീന ആശയങ്ങൾ തദ്ദേശ സ്ഥാപനങ്ങളുമായി സഹകരിച്ച് ആവിഷ്ക്കരിച്ച് നടപ്പിലാക്കാൻ കേരളത്തിലെ എല്ലാ തദ്ദേശ സ്ഥാപനങ്ങൾക്കും കുടുംബശ്രീ ജില്ലാ ടീമുകൾക്കും പ്രചോദനമാകുമെന്ന് പ്രതീക്ഷിക്കട്ടെ.